(എ) വൈദ്യുതി നൽകിയ വകയിൽ ബോർഡിന് 2005 ഫെബ്രുവരി വരെ എത്ര തുക പിരിഞ്ഞ് കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ; ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഈ തുക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും മുൻ ഗവൺമെന്റിന്റെ കാലത്തും കുടിശ്ശികക്കാർക്ക് എന്തെങ്കിലും ഇളവുകൾ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗങ്ങളിലെ കുടിശ്ശികക്കാർക്കാണ് ഇളവുകൾ നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വൻ കുടിശ്ശികക്കാർക്കെതിരെ തക്കസമയത്ത് നടപടികൾ സ്വീകരിക്കാതെ ഗാർഹിക ഉപഭോക്താക്കൾക്കെതിരെ മാത്രം നടപടികൾ സ്വീകരിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 31-3-2005 വരെ ആകെ 1345.03 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഇനം തിരിച്ചുള്ള പട്ടിക അനുബന്ധം ആയി† ചേർത്തിരിക്കുന്നു.

(ബി) വൈദ്യുതി ചാർജ്ജ് നിശ്ചിത തീയതിയ്ക്കകം അടച്ചില്ലെങ്കിൽ സർവ്വീസ് കണക്ഷൻ ഡിസ്കണക്ട് ചെയ്യുകയും 6 മാസം വരെ കുടിശ്ശിക അടയ്ക്കാതിരുന്നാൽ സർവ്വീസ് കണക്ഷൻ ഡിസ്മാന്റിൽ ചെയ്യുകയും ചെയ്യുന്നുണ്ട്. അതിനുശേഷം റവന്യൂ റിക്കവറി മുഖാന്തിരം കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) വൈദ്യുതി കുടിശ്ശിക ഒറ്റത്തവണയായി 12% പലിശ ഇളവോടുകൂടി അടയ്ക്കുന്നതിനും 6 തവണകളായി 18% പലിശയോടുകൂടി അടയ്ക്കുന്നതിനും വൈദ്യുതി ഉപഭോക്താക്കൾക്ക് അവസരം നൽകിയിട്ടുണ്ട്. വൈദ്യുതി അദാലത്തുകൾ വഴി പല വിഭാഗത്തിലുള്ള കുടിശ്ശികകൾ മേൽ സൂചിപ്പിച്ച പ്രകാരം ഇളവ് ചെയ്ത് തീർപ്പാക്കിയിട്ടുണ്ട്. ഇത് എല്ലാ വിഭാഗക്കാർക്കും ബാധകമാണ്.

(ഡി) ഇല്ല.

വൈദ്യുതി അപകടങ്ങളിൽപ്പെട്ടുള്ള മരണം

25 [336] *ശ്രീ. ബിനോയ് വിശ്വം :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് വൈദ്യുതി സംബന്ധമായ തൊഴിലുകൾ ചെയ്യവേ എത്ര ബോർഡ് ജീവനക്കാർ വൈദ്യുതി അപകടങ്ങളിൽപ്പെട്ട് മരണമടഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ സ്ഥിരം ജീവനക്കാർ എത്ര, കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവർ എത്ര എന്ന് അറിയിക്കാമോ; ഇവരുടെ കുടുംബങ്ങൾക്കുവേണ്ടി എന്തൊക്കെ ആശ്വാസ നടപടികളാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് എത്ര പേർ വൈദ്യുതി ആഘാതമേറ്റ് മരണമടഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ബോർഡ് ജീവനക്കാരുടെ അശ്രദ്ധ കാരണം മരണം സംഭവിച്ച എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പ്രസ്തുത ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) - (ഡി) വിവരം ശേഖരിച്ചു വരുന്നു.

നോർമൽ ഒ. എച്ച്. സർവ്വീസ് കണക്ഷൻ നൽകുവാനുള്ള കാലതാമസം

26 [337] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർമൽ ഒ. എച്ച്. സർവ്വീസ് കണക്ഷൻ പ്രകാരം നിലവിൽ ഓരോ ജില്ലയിലും എത്രപേർക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ട്;

(ബി) 31-12-2003 വരെയുള്ള മുഴുവൻ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) 2001, 2002, 2003 വർഷങ്ങളിലെ അപേക്ഷകർക്ക് ഇതുവരെയും കണക്ഷൻ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാലതാമസം കൂടാതെ മുഴുവൻ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

ജില്ലയുടെ പേര്	*31-5-2005 വരെ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ളവരുടെ എണ്ണം*
തിരുവനന്തപുരം	18,689
കൊല്ലം	18,019
പത്തനംതിട്ട	10,484
ആലപ്പുഴ	13,798
കോട്ടയം	11,071

LIBRARY ARCHIVES Kerala Legislative Assembly